**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3442

9.4.2013 ൽ
മറുപടിയ്ക്ക്

## അരിവില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) അരിവില നിയന്ത്രിക്കുന്നതിനായി വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ മാവേലി സ്റ്റോറുകൾ വഴി 2012-13 ൽ എത്ര കിലോഗ്രാം വീതം അരി വിതരണം ചെയ്തു എന്നും എത്ര രൂപ നിരക്കിലാണ് അരി വിതരണം നടത്തിയതെന്നും വ്യക്തമാക്കുമോ ; | എ) അരിവില നിയന്ത്രിക്കുന്നതിനായി വൈക്കം നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ വഴി 2012-13 ൽ 2088.32 ക്വിന്റൽ പച്ചരിയും 6790.99 ക്വിന്റൽ മട്ട അരിയും 383.99 ക്വിന്റൽ കുറുവ അരിയും 2939.74 ക്വിന്റൽ ജയ അരിയും യഥാക്രമം 16 രൂപ. 16 രൂപ, 19 രൂപ, 21 രൂപ എന്ന നിരക്കിൽ വിതരണം നടത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി ഇപ്പോഴും നിലവിലുണ്ടോ എന്നും ഇതുവഴി പൊതുവിപണിയിലെ അരിവില നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; | ബി) പൊതുവിപണിയിൽ അരിയുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവിഷ്ക്കരിച്ച പദ്ധതിയാണ് അരിക്കട. പ്രസ്തുത പദ്ധതി ഇപ്പോഴും കാര്യക്ഷമമായി തന്നെ നടന്നുവരുന്നുണ്ട്. മട്ട, ജയ, കുറുവ, പച്ചരി എന്നിവ യഥാക്രമം 16 രൂപ, 21 രൂപ ,19 രൂപ, 16 രൂപ എന്ന നിരക്കിലാണ് 1300-ഓളം ചില്ലറ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നത്. വിപണി വിലയേക്കാൾ വളരെ വില കുറച്ച് വിൽപ്പന നടത്തുന്നതിനാൽ പൊതുവിപണിയിലെ അരിവില നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത നടപടിക്ക് ശേഷവും പൊതുവിപണിയിൽ അരിവില വർദ്ധിച്ചിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | സി) പൊതുവിതരണ സമ്പ്രദായത്തിലൂടെയും സപ്ലൈകോ അടക്കമുള്ള സർക്കാർ സംവിധാനത്തിലൂടെയും മേൽ വിവരിച്ച രൂപത്തിൽ നടത്തിവരുന്ന ക്രിയാത്മകമായ മാർക്കറ്റ് ഇടപെടൽ വഴി പൊതുവിപണിയിലെ അരിവില വർദ്ധന കർശനമായി നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ